പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.416 10.06.2014 ൽ മറുപടിയ്ക്ക്

## ഇലക്ട്രിക് പൊതുശ്മശാനത്തിനുള്ള മാനദണ്ഡങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ.ബി.സത്യൻ

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പുമന്ത്രി)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഇലക്ട്രിക് പൊതുശ്മശാനം പ്രവർത്തനമാരംഭിക്കുവാൻ മലിനീകരണ നിയന്ത്രണ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വൈദ്യുതി ശ്മശാനം നിർമ്മിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. വൈദ്യുതി ശ്മശാനത്തിനെ മലിനീകരണ സാധ്യത കണക്കിലെടുത്ത് ഓറഞ്ച് വിഭാഗത്തിൽപ്പെടുത്തി താഴെപ്പറയുന്ന ദൂരപരിധിയും നിബന്ധനകളും പാലിക്കേണ്ടതാണ്.

ദൂരപരിധി

| | അടുത്ത വീടുകളിൽ നിന്നുമുള്ള കുറഞ്ഞ ദൂരപരിധി മീറ്ററിൽ | അടുത്ത വിദ്യാഭ്യാസ സ്ഥാപനം / കോടതി / പൊതുകാര്യാലയം / ആശുപത്രി /ആരാധനാലയം /കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവയിൽ നിന്നുമുള്ള കുറഞ്ഞ ദൂരപരിധി മീറ്ററിൽ |
|---|---|---|
| ചെറിയ യൂണിറ്റ് (മൂലധന നിക്ഷേപം 5 കോടി രൂപയിൽ താഴെ) | 10 | 15 |
| ഇടത്തരം യൂണിറ്റ് ((മൂലധന നിക്ഷേപം 5-10 കോടി രൂപയ്ക്കുമിടയിൽ ) | 15 | 25 |
| വലിയ യൂണിറ്റ് (മൂലധന നിക്ഷേപം 10 കോടി രൂപയ്ക്ക് മുകളിൽ | 40 | 60 |

**മറ്റു നിബന്ധനകൾ:**

1. ക്രിമറ്റോറിയത്തിൽ നിന്നും പുറന്തള്ളുന്ന വായു കുറഞ്ഞത് 30 മീറ്റർ ഉയരത്തിലുള്ള ചിമ്മിനി മുഖാന്തിരം മാത്രമേ അന്തരീക്ഷ ത്തിലേക്ക് പുറന്തള്ളാൻ പാടുള്ളൂ. കോസ്റ്റിക് വാട്ടർ സ്ക്രബർ / ഇംപിഞ്ച്മെന്റിനും ഫിൽട്രേഷനുമുള്ള ടാങ്കുകൾ, ബ്ളോവർ, ഗന്ധം അകറ്റുവാ നായുള്ള മതിയായ സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കണം.
2. ക്രിമറ്റോറിയത്തിന്റെ കംബസ്റ്റ്യൻ ശേഷി 99% ൽ കുറയുവാൻ പാടില്ല.
3. പുറന്തള്ളുന്ന വായുവിലെ മാലിന്യ ഘടക ങ്ങൾ ഒരു ഘനമീറ്റർ വായുവിൽ (12% $CO_2$ കറക്ഷനിൽ) താഴെപ്പറയുന്ന പരി ധിക്കുള്ളിലായിരിക്കണം.

   പൊടിപടലങ്ങൾ - 150 mg/$Nm^3$

   നൈട്രജൻ ഓക്സൈഡ്സ് - 450 mg/$Nm^3$

   ഹൈഡ്രോക്ലോറിക് ആസിഡ് -50 mg/$Nm^3$
4. 1900±100mm വീതം നീളത്തിലുള്ള രണ്ടു ലോഞ്ചിറ്റ്യൂഡിനൽ ചാനൽ ടൈപ്പ് ബർണ റുകൾ ആണ് നിഷ്കർഷിക്കുന്നത്.
5. ക്രിമറ്റോറിയം ചേമ്പറിലെ താപനില 1050±50°C ഉണ്ടാകണം.
6. സേഫ്റ്റി ഇൻഡിക്കേറ്റർ, എയർ ബ്ലോവർ/ ഫർണസ് ബ്ലോവർ ഓൺ / ഓഫ് സ്വിക്ച്, താപനില സൂചിക, വാതിൽ തുറ ക്കുന്നതിനുള്ള സംവിധാനം എന്നിവയ്ക്കുള്ള കൺട്രോൾ പാനൽ വേണം.
7. സ്റ്റാക്ക് പരിശോധനയ്ക്കായി പോർട്ട് ഹോൾ, പ്ലാറ്റ്ഫോം, ഏണി എന്നിവ വേണ്ടതാണ്.
8. ക്രിമറ്റോറിയത്തിന്റെ അതിരിൽ പൊടിപട ലത്തിന്റെ അളവ് 100 µg/$m^3$ ൽ കൂടരുത്.
9. ക്രിമറ്റോറിയത്തിന്റെ അതിരിൽ നിന്നും ഒരു മീറ്റർ ദൂരത്തിൽ ശബ്ദത്തിന്റെ തീവ്രത ആ സോണിൽ നിഷ്കർഷിക്കുന്ന ശബ്ദ തീവ്രതയ്ക്ക് മുകളിൽ ആകുവാൻ പാടില്ല.
10. ചാരം ശേഖരിക്കുന്നതിന് അടപ്പോടുകൂ ടിയ കോൺക്രീറ്റ് പിറ്റ് ഉണ്ടായിരിക്കണം.

ക്രിമറ്റോറിയം പ്ലാന്റ് ക്രിമറ്റോറിയത്തിന്റെ അതിരിൽ നിന്നും 3 മീറ്റർ സെറ്റ്ബാക്കോടു കൂടി സ്ഥാപിക്കേണ്ടതാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ